(ബി) ബോർഡിന് യൂണിറ്റൊന്നിന് വരുന്ന ശരാശരി ചെലവും മേൽ സൂചിപ്പിച്ച ഉപഭോക്തൃവിഭാഗങ്ങളിൽ നിന്നും ഈടാക്കുന്ന ശരാശരി വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ യൂണിറ്റൊന്നിന്, ഗാർഹിക ഉപഭോക്താക്കൾക്ക് 268 പൈസയും എൽ. ടി. വ്യാവസായിക ഉപഭോക്താക്കൾക്ക് 5 പൈസയും എച്ച്.ടി. വ്യവസായികൾക്ക് 62 പൈസയും ഇ. എച്ച്. ടി. വ്യവസായികൾക്ക് 72 പൈസയും എൽ. റ്റി. കാർഷിക ഉപഭോക്താക്കൾക്ക് 307 പൈസയും, എച്ച്. ടി. കാർഷിക ഉപഭോക്താക്കൾക്ക് 58 പൈസയും തെരുവുവിളക്കുകൾക്ക് 249 പൈസയും റെയിൽവേ ട്രാക്ഷന് 84 പൈസയും കുറച്ചാണ് ഈടാക്കുന്നത്.

(സി) ഈ അന്തരം നിറുത്തുന്നപക്ഷം 1104 കോടി രൂപയുടെ അധിക വരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ബോർഡിന്റെ പ്രവർത്തനത്തെപ്പറ്റി നടത്തിയ പഠനം

1 (889) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തെപ്പറ്റിയോ ചാർജ് വർദ്ധനവിനെപ്പറ്റിയോ അടുത്ത കാലത്ത് ബോർഡ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;.

(ബി) ഉണ്ടെങ്കിൽ പഠനം നടത്തിയ ഏജൻസി ഏതാണെന്നും അവർക്ക് നൽകിയ പ്രതിഫലം എന്താണെന്നും വെളിപ്പെടുത്തുമോ ;

(സി) പഠനത്തെ തുടർന്ന് സമർപ്പിച്ച മുഖ്യ ശുപാർശകൾ എന്തെല്ലാമാണ് ;

(ഡി) ഇതുസംബന്ധിച്ച് താരിഫ് റഗുലേറ്ററി കമ്മീഷന് ബോർഡ് എന്തെങ്കിലും രേഖകൾ സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വൈദ്യുത ബോർഡിന്റെ പ്രവർത്തനത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ട്.

(ബി) താരിഫ് പരിഷ്ക്കരണത്തിനായി 'ക്രിസിൽ' എന്ന ഏജൻസി കൺസൾട്ടന്റായി ബോർഡിനെ സഹായിക്കുന്നു. അവർക്ക് പ്രതിഫലം രൂപ 7,99,000 നൽകുവാൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത തുക നാളിതു വരെ നൽകിയിട്ടില്ല. അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇൻഡ്യ നടത്തിയ എന്റർപ്രൈസ് വൈഡ് വർക്ക് സ്റ്റഡീക്ക് കരാർപ്രകാരം നൽകേണ്ട 29.3 ലക്ഷം രൂപയിൽ 2.93 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(സി) പഠനം അന്തിമഘട്ടത്തിലായതിനാൽ ശുപാർശകൾ പൂർണ്ണമായിട്ടില്ല.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly